പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1211 **15-10-2026-ൽ മറുപടിയ്ക്ക്**

പി.എം.ശ്രീ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. മമ്മിക്കുട്ടി	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പി.എം.ശ്രീ പദ്ധതിയിൽ നിന്ന് പിൻമാറാൻ സംസ്ഥാന സർക്കാരുകൾക്ക് കഴിയുമോ; വ്യക്തമാക്കാമോ;

മറുപടി: പി. എം. ശ്രീ പദ്ധതിയിൽ നിന്ന് പിൻമാറാൻ സംസ്ഥാന സർക്കാരുകൾക്ക് കഴിയുന്ന വ്യവസ്ഥകൾ മുൻസർക്കാർ കേന്ദ്ര സർക്കാരുമായി ഒപ്പു വെച്ച ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ധാരണാപത്രത്തിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

i. പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പിന് (DOSE&L) ആയിരിക്കും.

ii. കരാറിലെ വ്യവസ്ഥകളിൽ ഏതിലെങ്കിലും ഭേദഗതി, മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടെയും പരസ്പരസമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

iii. കരാറിന്റെ വ്യാഖ്യാനം, വ്യവസ്ഥകൾ, നിബന്ധനകൾ, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തർക്കമോ അഭിപ്രായവ്യത്യാസമോ ഉണ്ടായാൽ അതിനെ സൗഹൃദപരമായി പരിഹരിക്കാൻ ഇരുപാർട്ടികളും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തണം. ആവശ്യമായ പക്ഷം ഡൽഹിയിലെ അധികാരപരിധിക്കുള്ളിൽ അനുയോജ്യമായ ഫോറത്തിൽ അനുയോജ്യമായ പരിഹാരം തേടാൻ പാർട്ടികൾക്ക് സ്വാതന്ത്ര്യമുണ്ടാകും.

(ബി) പി.എം.ശ്രീ പദ്ധതി പ്രകാരം സ്കൂളുകളിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം സിലബസ് നിശ്ചയിക്കാൻ അധികാരമുണ്ടോ; വിശദമാക്കാമോ;

മറുപടി: പി. എം. ശ്രീ പദ്ധതി പ്രകാരം സ്കൂളുകളിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം സിലബസ് നിശ്ചയിക്കാൻ അധികാരമുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് പി.എം.ശ്രീ പദ്ധതി നടപ്പാക്കിയിരുന്നോ; അതിനായി കേന്ദ്ര ഫണ്ട് ലഭിച്ചിരുന്നോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ സർക്കാരിന്റെ കാലത്ത് പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരുമായി ധാരണാപത്രം ഒപ്പിടുകയും പിന്നീട് താൽക്കാലികമായി നീട്ടിവയ്ക്കുന്നതിന് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് കത്തുനൽകുകയും ചെയ്തതല്ലാതെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നില്ല. പി. എം. ശ്രീ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന് കേന്ദ്രഫണ്ട് ഇതുവരെ ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ